302
9/1/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - കുമാരി.നെസീഹ.സി.എസ്-നും കുമാരി.പ്രമീള.എ-യ്ക്കും കെ.എസ്.&എസ്. എസ്.ആർ റൂൾ 39 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകി ഉത്തരവാകുന്നു.

=========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (എം.എസ്) നം. 02/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 07.01.2015.

=========================================================================

പരാമർശം:- 1. എറണാകുളം ജില്ലാ കളക്ടറുടെ 23.06.2014-ലെ എം.6-49616/14 നമ്പർ കത്ത്.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.08.2014, 23.07.2014 തീയതികളിലെ ഐ.സി.ഡി.എസ്.1/17205/14 നമ്പർ കത്തുകളും, 23.09.2014-ലെ ഇ4-30755/14 നമ്പർ കത്തും.

## ഉത്തരവ്

കാക്കനാട് ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിലെ അന്തേവാസികളും യഥാക്രമം പറവൂർ ലൈംഗിക പീഡന കേസ്സിലെയും വരാപ്പുഴ പീഡന കേസ്സിലെയും പെൺകുട്ടികളുമായ കുമാരി.നെസീഹ.സി.എസ്, കുമാരി.പ്രമീള.എ എന്നിവരുടെ ഭാവി സുരക്ഷിതമാക്കുന്നതിന് ഒരു സർക്കാർ ജോലി നൽകുന്നത് അനിവാര്യമാണെന്നുമുള്ള എറണാകുളം ജില്ലാ കളക്ടറുടെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുമാരി.നെസീഹ.സി.എസ്-ന് ലോവർ ഡിവിഷൻ ക്ലാർക്കായും കുമാരി.പ്രമീള.എ-യ്ക്ക് ഓഫീസ് അറ്റൻഡന്റായും സാമൂഹ്യനീതി വകുപ്പിൽ നിലവിൽ ഒഴിവുള്ള എറണാകുളം ജില്ലയിൽ നിയമനം നൽകണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കാക്കനാട് ചിൽഡ്രൻസ് ഹോമിലെ അന്തേവാസികളും ലൈംഗിക പീഡന കേസിനിരകളുമായ കുമാരി.സി.എസ്.നെസീഹ, കുമാരി പ്രമീള എന്നിവരുടെ പരിതാപകരമായ സാമൂഹിക പശ്ചാത്തലവും, സഹതാപാർഹമായ അവസ്ഥയും കണക്കിലെടുത്ത്, അവരെ സാമൂഹ്യനീതി വകുപ്പിൽ, എറണാകുളം ജില്ലയിൽ നിലവിൽ ഒഴിവുള്ള യഥാക്രമം ലോവർ ഡിവിഷൻ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ KS&SSRs ഭാഗം II, ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കുമാരി.സി.എസ്.നെസീഹയുടെയും, കുമാരി പ്രമീളയുടെയും വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധനാ വിധേയമാക്കിയതിനു ശേഷം ടി ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Jayasree
സെക്ഷൻ ഓഫീസർ